പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 232 — 5.03.2012 ൽ മറുപടിക്ക്

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ആവശ്യങ്ങൾക്കായി കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി

ചോദ്യം — ശ്രീ. പി.എ.മാധവൻ

മറുപടി — ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ആവശ്യങ്ങൾക്കായി കുടിവെള്ളം എത്തിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ തയ്യാറാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | എ | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയ്ക്കായി വെള്ളായണി കായലിൽ നിന്നും പ്രതിദിനം 3.3 മില്യൺ ലിറ്റർ ജലം നാലു കിലോമീറ്ററിലധികം അകലെ ( വിഴിഞ്ഞം കോസ്റ്റ് ഗാർഡ് സ്റ്റേഷനു സമീപം) പണിയുന്ന ജലശുദ്ധീകരണ പ്ലാന്റിൽ എത്തിച്ചു ശുദ്ധീകരിച്ചു കിട്ടുന്ന 3 MLD ജലം സമീപത്തു പണിയുന്ന 60 മീറ്റർ ഉയരവും 140000 ( ഒരു ലക്ഷത്തി നാൽപ്പതിനായിരം) ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്കിൽ എത്തിച്ച് അവിടെ നിന്നും പദ്ധതി പ്രദേശത്തു എത്തിയ്ക്കുന്ന തരത്തിലാണ് കേരളാ വാട്ടർ അതോറിറ്റി രൂപകൽപ്പന ചെയ്തിരിക്കുന്നത്. |
| ബി | പ്രസ്തുത കുടിവെള്ളപദ്ധതിയുടെ പ്രയോജനം കുടിവെള്ള ക്ഷാമം അതിരൂക്ഷമായ വിഴിഞ്ഞം നിവാസികൾക്കുകൂടി ലഭ്യമാക്കണമെന്ന് പ്രദേശത്തെ കൗൺസിലർമാർ നിവേദനം നൽകിയിരുന്നോ ; | ബി) യും സി) യും | തുറമുഖ കമ്പനി പദ്ധതി പ്രദേശത്തെ കൗൺസിലർമാരുമായി നടത്തിയ മീറ്റിംഗിൽ എല്ലാ കൗൺസിലർമാരും പദ്ധതി പ്രദേശത്തെ രൂക്ഷമായ ജലക്ഷാമം തരണം ചെയ്യാൻ പ്രസ്തുത പദ്ധതിയിൽ നിന്നും ജലം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. ഗവൺമെന്റിനും നിവേദനം നൽകി.<br>മുഖ്യമന്ത്രി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയ്ക്കായി നിർമ്മിക്കുന്ന ജല വിതരണ പദ്ധതിയുടെ നിർമ്മാണോദ്ഘാടന വേളയിൽ പദ്ധതിയുടെ നേർപകുതി 1.5 MLD ജലം പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |
| സി | ഇക്കാര്യത്തിൽ സർക്കാർ അനുകൂലമായ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ടോ ? | | |

സെക്ഷൻ ഓഫീസർ